# മന്ത്രിസഭാ തീരുമാനങ്ങൾ

## (30.09.2009)

- രണ്ടാം ഭരണപരിഷ്ക്കാര കമ്മീഷന്റെ 11-ാമത് റിപ്പോർട്ടിലെ ഇ-ഗവേണൻസ് സംബന്ധിച്ച ശുപാർശകൾ അംഗീകരിച്ചു. ഇത് സംബന്ധിച്ച് ഒരു ബിസിനസ്സ് പ്രോസസിംങ്ങ് റീ എൻഞ്ചിനീയറിംഗ് സെൽ രൂപീകരിക്കുവാൻ തീരുമാനിച്ചു.
- ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ചെയർ പേഴ്സൺ ആയി മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ.ജെ. മാത്യുവിനെ നിയമിച്ചു.
- ജലഗതാഗത വകുപ്പ് വക ബോട്ടുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്കും ബോട്ടിലെ ജീവനക്കാർക്കും ഇൻഷുറൻസ് പരിരക്ഷ നൽകുവാൻ തീരുമാനിച്ചു.
- ശബരിമല വികസനത്തിന് സ്റ്റേറ്റ് ഫാമിങ്ങ് കോർപ്പറേഷന്റെ പക്കലുണ്ടായിരുന്ന നിലയ്ക്കൽ എസ്റ്റേറ്റ് കൈമാറ്റം ചെയ്യുന്ന രീതി, കോർപ്പറേഷന് ദേവസ്വം ബോർഡ് നൽകേണ്ട നഷ്ടപരിഹാരം, ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി തുടങ്ങിയവയെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുന്നതിന് മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചു. ധനകാര്യം, കൃഷി, തൊഴിൽ, ദേവസ്വം മന്ത്രിമാർ അടങ്ങുന്നതാണ് സമിതി.
- 2009-2010 വർഷത്തേക്ക് 8660 കോടി രൂപയായി നിശ്ചയിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക 260 കോടി രൂപ കൂടി വർദ്ധിപ്പിച്ച് 8920 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു.
- കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ വൈക്കം വില്ലേജിൽ 65 സെന്റ് ഭൂമി കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി നീതിന്യായ വകുപ്പിന് കൈമാറുവാൻ തീരുമാനിച്ചു.
- ആലപ്പുഴ ജില്ലയിലെ ചെറിയനാട് പഞ്ചായത്തിൽ 22 സെന്റ് ഭൂമി പഞ്ചായത്തിന് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി നൽകാൻ തീരുമാനിച്ചു.
- കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 29 പുതിയ അദ്ധ്യാപക തസ്തികകൾ കൂടി സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- ആലപ്പുഴ കോമളപുരം കേരള സ്പിന്നേഴ്സ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ ഗവർണറോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.
- രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ടി. ബാലകൃഷ്ണൻ, കെ.എസ്.ആർ.ടി.സി. എം.ഡി. ടി.പി. സെൻകുമാർ തൃശൂർ കളക്ടർ വി.കെ. ബേബി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

******